**മധുരമായ കുട്ടികളേ- ഈ ശരീരമാകുന്ന വസ്ത്രത്തെ ഇവിടെത്തന്നെ ഉപേക്ഷിക്കണം, അതിനാൽ ഇതിനോടുള്ള മമത്വം കളയൂ, ഒരു മിത്ര സംബന്ധിയേയും ഓർമ്മ വരരുത്.**

**ചോദ്യം-** ഏത് കുട്ടികളിലാണോ യോഗബലമുള്ളത് അവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം-** അവർക്ക് ഏതൊരു പ്രശ്നത്തിലും അല്പം പോലും വിഷമമുണ്ടാകില്ല, ഒന്നിനോടും അടുപ്പം ഉണ്ടാകില്ല. ഇന്ന് ആരെങ്കിലും ശരീരം ഉപേക്ഷിച്ചു എന്നു കരുതൂ എങ്കിലും ദുഃഖം ഉണ്ടാകില്ല, എന്തുകൊണ്ടെന്നാൽ ഇവരുടെ ഡ്രാമയിൽ ഇത്ര പാർട്ടേ ഉണ്ടായിരുന്നുള്ളു എന്നത് അറിയാം. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് പോയി അടുത്തത് എടുക്കും.

**ഓംശാന്തി**. ഈ ജ്ഞാനം വളരെ ഗുപ്തമാണ്, ഇതിൽ നമസ്തേ പറയേണ്ട ആവശ്യം പോലുമില്ല. ലോകത്തിൽ നമസ്ക്കാരം എന്നോ രാമ-രാമാ എന്നോ പറയാറുണ്ട്. ഇവിടെ ഇത്തരം കാര്യങ്ങൾ നടക്കില്ല എന്തെന്നാൽ ഇത് ഒരു കുടുംബമാണ്. കുടുംബത്തിൽ പരസ്പരം നമസ്ക്കാരം പറയുക അല്ലെങ്കിൽ ഗുഡ്മോർണിങ്ങ് പറയുക ഇതൊന്നും ശോഭനീയമല്ല. വീട്ടിൽ കഴിക്കും കുടിക്കും എന്നിട്ട് ഓഫീസിലേയ്ക്ക് പോകും, വീണ്ടും വരും, ഇത് നടന്നുകൊണ്ടേയിരിക്കും. നമസ്ക്കാരം പറയേണ്ട ആവശ്യമില്ല. ഗുഡ്മോണിംഗ് എന്ന് പറയുന്ന ഫാഷനും യൂറോപ്യന്മാരിൽ നിന്നും വന്നതാണ്. ഇല്ലെങ്കിൽ മുമ്പൊന്നും ഇങ്ങനെയുണ്ടായിരുന്നില്ല. ഏതെങ്കിലും സത്സംഗത്തിൽ പരസ്പരം കാണുമ്പോൾ നമസ്ക്കാരം പറയും കാലുപിടിക്കും. ഈ കാലുപിടിക്കുന്ന ശീലം വിനയത്തിനായി പഠിപ്പിക്കുന്നതാണ്. ഇവിടെയാണെങ്കിൽ നിങ്ങൾ കുട്ടികൾക്ക് ദേഹീ അഭിമാനിയായി മാറണം. ആത്മാവ്, ആത്മാവിനായി എന്തുചെയ്യും? എന്നിട്ടും പറയാറുണ്ട്. എങ്ങനെയാണോ ബാബയോട് പറയുന്നത്- ബാബാ നമസ്ക്കാരം എന്ന്. ഇപ്പോൾ ബാബയും പറയുന്നു- ഞാൻ സാധാരണ ബ്രഹ്മാ ശരീരത്തിലൂടെ നിങ്ങളെ പഠിപ്പിക്കുന്നു, ഇവരിലൂടെ സ്ഥാപന ചെയ്യുന്നു. എങ്ങനെ? അത് ബാബ എപ്പോൾ സന്മുഖത്ത് വരുന്നുവോ അപ്പോൾ മനസ്സിലാക്കിത്തരും, ഇല്ലെങ്കിൽ എങ്ങനെ ആരെങ്കിലും മനസ്സിലാക്കും. ഇവിടെ ബാബ സന്മുഖത്ത് ഇരുന്ന് മനസ്സിലാക്കിത്തരുമ്പോഴാണ് കുട്ടികൾ മനസ്സിലാക്കുന്നത്. രണ്ടുപേരോടും നമസ്ക്കാരം പറയണം- ബാപ്ദാദ നമസ്ക്കാരം. പുറത്തുള്ളവർ ഇത് കേൾക്കുകയാണെങ്കിൽ ആശയക്കുഴപ്പത്തിലാകും ഇവർ എന്താണീ പറയുന്നത് 'ബാപ്ദാദ' എന്നോ. ഡബിൾ പേരും ഒരുപാട് മനുഷ്യർക്ക് ഉണ്ടാകാറില്ലേ. ലക്ഷ്മീ നാരായണൻ, രാധാ കൃഷ്ണൻ.......... എന്നിങ്ങനെ പേരുകളുണ്ട്. സ്ത്രീയും പുരുഷനും ഒരുമിച്ചുള്ളത് പോലെ. ഇപ്പോൾ ഇവിടെയാണെങ്കിൽ ബാപ്ദാദയാണ്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾക്കേ മനസ്സിലാക്കാൻ സാധിക്കൂ. തീർച്ചയായും അച്ഛൻ വലുതല്ലേ. പേര് രണ്ടെണ്ണമുണ്ട് പക്ഷേ ഒരാളല്ലേയുള്ളു. പിന്നെ രണ്ട് പേര് എന്തിനാണ് വെച്ചിരിക്കുന്നത്? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം അത് തെറ്റായ പേരാണെന്ന്. ബാബയെ മറ്റാർക്കും തിരിച്ചറിയാൻ സാധിക്കില്ല. നിങ്ങൾ നമസ്ക്കാരം ബാപ്ദാദ എന്നു പറയും. പിന്നീട് ബാബ പറയും നമസ്ക്കാരം ജീവാത്മാ കുട്ടികളേ, പക്ഷേ ഇത്രയും നീളമുള്ളതിന് ഭംഗിയില്ല. വാക്കുകൾ കൃത്യമാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ ശരീരധാരികളായ കുട്ടികളുമാണ് ഒപ്പം ആത്മീയ കുട്ടികളുമാണ്. ശിവബാബ സർവ്വാത്മാക്കളുടേയും അച്ഛനാണ് പിന്നെ പ്രജാപിതാവും തീർച്ചയായുമുണ്ട്. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ സഹോദരീ സഹോദരങ്ങളാണ്. പ്രവൃത്തി മാർഗ്ഗമാണ്. നിങ്ങൾ എല്ലാവരും ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാണ്. ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാകുമ്പോൾ പ്രജാപിതാവും സിദ്ധമാകുന്നു. ഇതിൽ അന്ധവിശ്വാസത്തിന്റെ ഒരു കാര്യവുമില്ല. പറയൂ ബ്രഹ്മാകുമാരീ കുമാരന്മാർക്ക് ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. ബ്രഹ്മാവിൽ നിന്നല്ല ലഭിക്കുന്നത്, ബ്രഹ്മാവും ശിവബാബയുടെ കുട്ടിയാണ്. സൂക്ഷ്മവതന വാസികളായ ബ്രഹ്മാ വിഷ്ണു ശങ്കരന്മാരും രചനകളാണ്. ഇവരുടെ രചയിതാവ് ശിവനാണ്. ശിവനെക്കുറിച്ച് ഇവരുടെ രചയിതാവ് ആരാണ് എന്ന് ആർക്കും ചോദിക്കാൻ സാധിക്കില്ല. ശിവന്റെ രചയിതാവ് ആരുമില്ല. ബ്രഹ്മാ വിഷ്ണു ശങ്കരന്മാരാണ് രചന. ഇവരുടേയും മുകളിലാണ് ശിവൻ, സർവ്വാത്മാക്കളുടേയും അച്ഛൻ. രചയിതാവാണ് എന്ന് പറഞ്ഞാൽ അടുത്ത ചോദ്യം വന്നു എപ്പോൾ രചിച്ചു? ഇല്ല ഇത് അനാദിയാണ്. ഇത്രയും ആത്മാക്കളെ എപ്പോൾ രചിച്ചു? ഈ ചോദ്യം ചോദിക്കാൻ പറ്റില്ല. ഈ അനാദിയായ ഡ്രാമ നടന്നുവരുന്നു, അന്ത്യമില്ലാത്തതാണ്. ഇതിന് ഒരിയ്ക്കലും അന്ത്യമുണ്ടാകില്ല. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികളും നമ്പർവൈസ് ആയാണ് മനസ്സിലാക്കുന്നത്. ഇത് വളരെ സഹജമാണ്. ഒരു ബാബയോട് അല്ലാതെ മറ്റാരോടും ഇഷ്ടം ഉണ്ടാകരുത്, ആര് മരിച്ചാലും ജീവിച്ചാലും ശരി. അമ്മ മരിച്ചാലും അലുവ കഴിക്കണം......... എന്ന പാട്ടുണ്ട് ആരെങ്കിലും മരിച്ചു എന്നു കരുതൂ, വിഷമിക്കേണ്ട ഒരു ആവശ്യവുമില്ല എന്തുകൊണ്ടെന്നാൽ ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. ഡ്രാമ അനുസരിച്ച്

ഈ സമയത്ത് അവർക്ക് പോവുകതന്നെ വേണം, ഇതിൽ എന്ത് ചെയ്യാൻ പറ്റും. അല്പം പോലും ദുഃഖിക്കേണ്ട ആവശ്യമില്ല. ഇതാണ് യോഗബലത്തിന്റെ അവസ്ഥ. നിയമം പറയുന്നു അല്പം പോലും വിഷമം തോന്നരുത്. എല്ലാവരും അഭിനേതാക്കളല്ലേ. തന്റെ സ്വന്തം പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾക്ക് ജ്ഞാനം ലഭിച്ചിട്ടുണ്ട്.

ബാബയോട് പറയുന്നു- അല്ലയോ പരമപിതാ പരമാത്മാവേ വന്ന് ഞങ്ങളെ കൊണ്ടുപോകൂ. ഇത്രയും ശരീരങ്ങളുടെ വിനാശം ചെയ്ത് സർവ്വാത്മാക്കളേയും കൂടെക്കൊണ്ടുപോവുക, ഇത് വളരെ ഭാരിച്ച ജോലിയാണ്. ഇവിടെ ഒരാൾ മരിച്ചാൽ മതി 12 മാസം കരഞ്ഞുകൊണ്ടിരിക്കും. ബാബയാണെങ്കിൽ ഇത്രയും അധികം ആത്മാക്കളെ കൊണ്ടുപോകും. എല്ലാവരുടേയും ശരീരത്തെ ഇവിടെ ഉപേക്ഷിക്കും. കുട്ടികൾക്ക് അറിയാം മഹാഭാരതയുദ്ധം ആരംഭിച്ചാൽ കൊതുകിൻ കൂട്ടത്തെപ്പോലെ പോയിക്കൊണ്ടിരിക്കും. പ്രകൃതിക്ഷോഭങ്ങളും വരാനിരിക്കുന്നു. ഈ മുഴുവൻ ലോകവും മാറും. ഇപ്പോൾ നോക്കൂ ഇംഗ്ലണ്ടും റഷ്യയുമെല്ലാം എത്ര വലുതാണ്. എന്താ സത്യയുഗത്തിൽ ഇതെല്ലാം ഉണ്ടായിരുന്നോ? ലോകത്തിൽ ആരുടെയും ബുദ്ധിയിൽ ഇതുപോലും വരുന്നില്ല അതായത് നമ്മുടെ രാജ്യത്തിൽ ഇവർ ആരും ഉണ്ടായിരുന്നില്ല. ഒരു ധർമ്മം, ഒരു രാജ്യമായിരുന്നു. നിങ്ങൾ കുട്ടികളിലും നമ്പർവൈസായാണ് ബുദ്ധിയിൽ ഇത് നല്ലരീതിയിൽ ഇരിക്കുന്നത്. അഥവാ ധാരണയുണ്ടെങ്കിൽ ആ ലഹരി സദാ ഉയർന്നുനിൽക്കും. വളരെ ബുദ്ധിമുട്ടിയാണ് ചിലരിൽ ലഹരി കയറുന്നത്. മിത്ര സംബന്ധികൾ എല്ലാവരിൽ നിന്നും ബുദ്ധിയെ പിൻവലിച്ച് ഒരു പരിധിയില്ലാത്ത സന്തോഷത്തിൽ ബുദ്ധി നിലനിൽക്കണം, വലിയ അത്ഭുതമാണ്. അതെ, ഇതും അന്തിമത്തിലാണ് ഉണ്ടാവുക. അവസാനമേ കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കൂ. ശരീരത്തിന്റെ അഭിമാനവും മുറിയണം. കഴിഞ്ഞു, ഇപ്പോൾ നമ്മൾ പോവുകയാണ്, ഇത് സാധാരണമാകണം. എങ്ങനെ നാടകത്തിലുള്ളവർ പാർട്ട് അഭിനയിച്ച് പിന്നീട് വീട്ടിലേയ്ക്ക് പോകുന്നുവോ അതുപോലെ. ഈ ദേഹമാകുന്ന വസ്ത്രത്തെ നിങ്ങൾക്ക് ഇവിടെത്തന്നെ ഉപേക്ഷിക്കണം. ഈ വസ്ത്രം ഇവിടെയാണ് സ്വീകരിക്കുന്നത്, ഇവിടെത്തന്നെ ഉപേക്ഷിക്കുകയും വേണം. ഈ പുതിയ മുഴുവൻ കാര്യങ്ങളും നിങ്ങളുടെ ബുദ്ധിയിലുണ്ട്, മറ്റാരുടേയും ബുദ്ധിയിൽ ഇല്ല. അല്ലാഹുവും സമ്പത്തും. അല്ലാഹുവാണ് ഏറ്റവും മുകളിൽ. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം, വിഷ്ണുവിലൂടെ പാലന എന്ന് പറയാറുണ്ട്. ശരി, എങ്കിൽ ശിവന്റെ ജോലി എന്താണ്? ഉയർന്നതിലും ഉയർന്ന ശിവബാബയെ ആർക്കും അറിയില്ല. പറയുന്നു ഭഗവാൻ സർവ്വവ്യാപിയാണ്. ഇതെല്ലാം ഭഗവാന്റെ തന്നെ രൂപങ്ങളാണ് എന്ന്. മുഴുവൻ ലോകരുടേയും ബുദ്ധിയിൽ ഇത് പക്കയായി, അതിനാലാണ് എല്ലാവരും തമോപ്രധാനമായത്. ബാബ പറയുന്നു- മുഴുവൻ ലോകവും ദുർഗതി പ്രാപിച്ചിരിക്കുന്നു. പിന്നീട് ഞാൻ തന്നെയാണ് വന്ന് എല്ലാവർക്കും സദ്ഗതി നൽകുന്നത്. അഥവാ സർവ്വവ്യാപിയാണെങ്കിൽ എന്താ എല്ലാവരും ഭഗവാൻ തന്നെ ഭഗവാനാണോ? ഒരു ഭാഗത്ത് എല്ലാവരും സഹോദരങ്ങളാണെന്ന് പറയുന്നു, പിന്നീട് എല്ലാവരും പിതാക്കന്മാരാണ് എന്ന് പറയുന്നു, മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളോട് പരിധിയില്ലാത്ത അച്ഛൻ പറയുന്നു, കുട്ടികളേ, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ഇതിൽ ഈ ദാദയേയോ മമ്മയേയോ പോലും ഓർമ്മിക്കേണ്ടതില്ല. ബാബ പറയുന്നു മമ്മയുമില്ല, ബാബയുമില്ല, ആർക്കും ഒരു മഹിമയുമില്ല. ശിവബാബയില്ലെങ്കിൽ ഈ ബ്രഹ്മാവുപോലും എന്തുചെയ്യാനാണ്? ഇവരെ ഓർമ്മിക്കുന്നതുകൊണ്ട് എന്തുണ്ടാവാനാണ്! ഞ്ഹാ, നിങ്ങൾക്ക് അറിയാം ഇവരിലൂടെ നമ്മൾ ബാബയിൽ നിന്നും സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്, ഇവരിൽ നിന്നല്ല. ഇവരും അവരിൽ നിന്നാണ് സമ്പത്ത് എടുക്കുന്നത് അതിനാൽ ഓർമ്മിക്കേണ്ടത് അവരെയാണ്. ഇവർ ഇടയിലെ ദല്ലാളാണ്. ആൺകുട്ടിയും പെൺകുട്ടിയും തമ്മിലുള്ള നിശ്ചയം നടക്കും, അപ്പോൾ പരസ്പരം അങ്ങോട്ടുമിങ്ങോട്ടുമല്ലേ ഓർമ്മിക്കുക. വിവാഹം കഴിപ്പിക്കുന്നയാൾ ഇടയിലെ ദല്ലാളല്ലേ. ഇവരിലൂടെ നിങ്ങൾ ആത്മാക്കളുടെ നിശ്ചയം താനുമായി ചെയ്യുകയാണ് അതിനാലാണ് സദ്ഗുരുവിനെ ദല്ലാളിന്റെ രൂപത്തിൽ ലഭിച്ചു എന്ന് പാടുന്നത്. സദ്ഗുരു ദല്ലാളൊന്നുമല്ല. സദ്ഗുരു നിരാകാരനാണ്. ഗുരു ബ്രഹ്മാ, ഗുരു വിഷ്ണു എന്നെല്ലാം പറയുന്നുണ്ട് പക്ഷേ അവരൊന്നും ഗുരുവല്ല. സദ്ഗുരു ഒരേയൊരു ബാബയാണ് അവരാണ് സർവ്വരുടേയും സദ്ഗതി ചെയ്യുന്നത്. ബാബ നിങ്ങളെ പഠിപ്പിച്ചു അപ്പോഴാണ് നിങ്ങൾ മറ്റുള്ളവർക്കും വഴി പറഞ്ഞുകൊടുക്കുന്നത് മറ്റുള്ളവരോട് എല്ലാം പറയുന്നു അതായത് കണ്ടുകൊണ്ടും കാണാതിരിക്കൂ. ബുദ്ധി ശിവബാബയിൽ മുഴുകിയിരിക്കണം. ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം ശ്മശാനത്തിലേക്ക് പോകാനുള്ളതാണ്. ഓർമ്മിക്കേണ്ടത് ഒരേയൊരു ബാബയേയാണ്, അല്ലാതെ ഇവരെയല്ല. ഇവരിൽ നിന്നും സമ്പത്ത് ലഭിക്കില്ല എന്നത് ബുദ്ധി പറയുന്നുണ്ട്. സമ്പത്ത് അച്ഛനിൽ നിന്നാണ് ലഭിക്കുക. പോകേണ്ടതും ബാബയുടെ അടുത്തേയ്ക്കാണ്. വിദ്യാർത്ഥി വിദ്യാർത്ഥിയെ ഓർമ്മിക്കുമോ. വിദ്യാർത്ഥി ടീച്ചറെയല്ലേ ഓർമ്മിക്കുക. സ്ക്കൂളിലെ സമർത്ഥരായ കുട്ടികൾ പിന്നീട് മറ്റുള്ളവരേയും ഉയർത്താൻ പരിശ്രമിക്കും. ബാബയും പറയുന്നു പരസ്പരം ഉയർത്തുന്നതിനുള്ള പരിശ്രമം ചെയ്യൂ പക്ഷേ ഭാഗ്യത്തിൽ ഇല്ലെങ്കിൽ പുരുഷാർത്ഥം ചെയ്യില്ല.

അല്പം എന്തെങ്കിലും മതി തൃപ്തരാകും. മനസ്സിലാക്കിക്കൊടുക്കണം പ്രദർശിനിയിൽ ഒരുപാടുപേർ വരുന്നുണ്ട്, അധികം പേർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ കൂടുതൽ ഉന്നതിയുണ്ടാകും. ക്ഷണം നൽകി വിളിപ്പിക്കുകയാണ്. അതിനാൽ വളരെ വിവേകശാലികളായ ആളുകൾ വരും. ക്ഷണമില്ലാതെയാണെങ്കിൽ പല പ്രകാരത്തിലുള്ള ആളുകൾ വരും. തലതിരിഞ്ഞ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കും. രാജകീയമായ മനുഷ്യരുടെ പെരുമാറ്റവും രാജകീയമായിരിക്കും. രാജകീയമായ മനുഷ്യർ രാജകീയമായേ ഉള്ളിലേയ്ക്ക് കടക്കൂ. പെരുമാറ്റത്തിലും വലിയ വ്യത്യാസം ഉണ്ടാകും. മര്യാദാ പൂർവ്വമേ സംസാരിക്കൂ. മേളയിലാണെങ്കിൽ പലപ്രകാരത്തിലുള്ള ആളുകൾ വരും, ആരെയും തടയാൻ കഴിയില്ല അതിനാൽ എവിടെയെങ്കിലും പ്രദർശിനിക്കായി ക്ഷണം നൽകി വിളിപ്പിക്കുകയാണെങ്കിൽ വളരെ കുലീനരായ നല്ല നല്ല ആളുകളായിരിക്കും വരുന്നത്. പിന്നീട് അവർ ചെന്ന് മറ്റുള്ളവരേയും കേൾപ്പിക്കും. എപ്പോഴെങ്കിലും സ്ത്രീകൾക്കായി പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സ്ത്രീകൾ മാത്രമായിരിക്കണം വരേണ്ടത് എന്തെന്നാൽ ചിലയിടങ്ങളിൽ വളരെ അധികം സ്ത്രീകൾ പർദ്ദാധാരികളാണ്. അതിനാൽ  മഹിളകളുടെ മാത്രം പരിപാടിയായിരിക്കണം. പുരുഷന്മാർ ആരും വരരുത്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ ആദ്യമാദ്യം ഇത് മനസ്സിലാക്കിക്കൊടുക്കണം അതായത് ശിവബാബ നിരാകാരനാണ്. ശിവബാബയും പ്രജാപിതാ ബ്രഹ്മാവും രണ്ടുപേരും അച്ഛന്മാരാണ്. രണ്ടുപേരിൽ നിന്നും സമ്പത്ത് ലഭിക്കാൻ രണ്ടുപേരും ഒരുപോലെയല്ല. സമ്പത്ത് മുത്തച്ഛനിൽ നിന്ന് അഥവാ ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്. മുത്തച്ഛന്റെ സമ്പത്തിനുമേൽ അവകാശം ഉണ്ടാകും. എത്ര കുപുത്രനാണെങ്കിലും ശരി മുത്തച്ഛന്റെ സമ്പത്ത് ലഭിക്കും. ഇത് ഇവിടത്തെ നിയമമാണ്. ഇവർക്ക് പണം നൽകിയാൽ ഒരു വർഷത്തിനുള്ളിൽ എല്ലാം നശിപ്പിക്കും എന്ന് അറിയുന്നുമുണ്ട്. പക്ഷേ ഗവൺമെന്റിന്റെ നിയമം അങ്ങനെയാണ് അതിനാൽ നൽകേണ്ടി വരുന്നു. ഗവൺമെന്റിനുപോലും ഒന്നും ചെയ്യാൻ സാധിക്കില്ല. ബാബ അനുഭവിയാണ്. ഒരു രാജാവിന്റെ കുട്ടിയുണ്ടായിരുന്നു, 12 മാസംകൊണ്ട് 1 കോടി രൂപ ദുർവ്വിനിമയം ചെയ്തു. ഇങ്ങനെയുള്ളവരുമുണ്ട്. ഞാൻ കണ്ടിട്ടുണ്ട് എന്ന് ശിവബാബ പറയുന്നില്ല. ഈ ദാദയാണ് പറയുന്നത് ഞാൻ ഇങ്ങനെയുള്ള ഒരുപാട് ഉദാഹരണങ്ങൾ കണ്ടിട്ടുണ്ട്. ഈ ലോകം വളരെ മോശമാണ്. ഇത് പഴയലോകമാണ്, പഴയ വീടാണ്. പഴയ വീടിനെ എപ്പോഴും പൊളിക്കാറാണ് പതിവ്. ഈ ലക്ഷ്മീ നാരായണന്മാരുടെ വീടാകുന്ന രാജധാനി നോക്കൂ എത്ര ഒന്നാന്തരമാണെന്ന്.

ഇപ്പോൾ നിങ്ങൾ ബാബയിലൂടെ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു മാത്രമല്ല നിങ്ങളും നരനിൽ നിന്നും നാരായണനായി മാറുകയാണ്. ഇത് സത്യ നാരായണന്റെ കഥയാണ്. ഇതും നിങ്ങൾ കുട്ടികളാണ് മനസ്സിലാക്കുന്നത്. നിങ്ങളും പൂർണ്ണമായി ഒന്നാന്തരമായി മാറിയിട്ടില്ല, ഇതിൽ വളരെ അധികം രാജകീയത ആവശ്യമാണ്. നിങ്ങൾ ദിനംപ്രതിദിനം ഉന്നതി നേടിക്കൊണ്ടിരിക്കുകയാണ്. ഒന്നാന്തരമായിക്കൊണ്ടിരിക്കുകയാണ്.

നിങ്ങൾ വളരെ സ്നേഹത്തോടെ ബാപ്ദാദാ എന്ന് വിളിക്കുന്നു. ഇതും നിങ്ങളുടെ പുതിയ ഭാഷയാണ്, അത് മനുഷ്യർക്ക് മനസ്സിലാക്കാൻ പറ്റില്ല. ബാബ എവിടെപ്പോയാലും കുട്ടികൾ ബാപ്ദാദാ നമസ്ക്കാരം എന്നാണ് പറയുക. ബാബ തിരിച്ച് പറയും ജീവാത്മാവായ കുട്ടികൾക്ക് നമസ്ക്കാരം. ഇങ്ങനെ പറയേണ്ടി വരില്ലേ. ആരെങ്കിലും കേട്ടാൽ പറയും ഇത് പുതിയ കാര്യമാണ്, ബാപ്ദാദാ എന്ന് ഒരുമിച്ച് എങ്ങനെ പറയാൻ പറ്റും. അച്ഛനും ജ്യേഷ്ഠനും എപ്പോഴെങ്കിലും ഒരാളാകുമോ? രണ്ടാളുടേയും പേരും വേറെ വേറെയാണ്. ശിവബാബ, ബ്രഹ്മാദാദ, നിങ്ങൾ ഇവർ രണ്ടുപേരുടേയും കുട്ടികളാണ്. നിങ്ങൾക്ക് അറിയാം ഇവരുടെയുള്ളിൽ ശിവബാബ ഇരിക്കുന്നുണ്ട്. നമ്മൾ ബാപ്ദാദയുടെ കുട്ടികളാണ്. ഇതു ബുദ്ധിയിൽ ഓർമ്മയുണ്ടെങ്കിൽ സന്തോഷത്തിന്റെ അതിര് കടക്കും മാത്രമല്ല ഡ്രാമയിലും പക്കയായിരിക്കണം. ആരെങ്കിലും ശരീരം വിട്ടു എന്നു കരുതൂ, പോയി രണ്ടാമതൊരു പാർട്ട് അഭിനയിക്കും. ഓരോ ആത്മാവിനും അവിനാശിയായ പാർട്ട്  ലഭിച്ചിട്ടുണ്ട്, ഇതിൽ ചിന്തിക്കേണ്ട ഒരു ആവശ്യവുമില്ല. അവർക്ക് ചെന്ന് അടുത്ത പാർട്ട് അഭിനയിക്കണം. സത്യയുഗത്തിൽ എല്ലാവരും നിർമോഹികളാണ്. ഇവിടെ ആരെങ്കിലും മരിക്കുകയാണെങ്കിൽ എത്ര കരയുന്നു. ബാബയെ നേടിയെങ്കിൽ പിന്നെ കരയേണ്ട ആവശ്യമേയില്ല. ബാബ എത്രനല്ല വഴിയാണ് പറഞ്ഞുതരുന്നത്. കന്യകമാർക്ക് വളരെ നല്ലതാണ്. അച്ഛൻ അനാവശ്യമായി പണം ചിലവാക്കും നിങ്ങൾ ചെന്ന് നരകത്തിൽ വീഴും. ഇതിനേക്കാൾ നല്ലത് പറയൂ ഞങ്ങൾ ഈ പണം കൊണ്ട് ആത്മീയ യൂണിവേഴ്സിറ്റിയും ഹോസ്പിറ്റലും തുറക്കും. വളരെ അധികം പേരുടെ മംഗളം ചെയ്യുമ്പോൾ നിങ്ങൾക്കും എനിക്കും പുണ്യം ലഭിക്കും. കുട്ടികൾ സ്വയം ഉത്സാഹത്തിൽ ഇരിക്കണം നമ്മൾ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിനായി ശരീരം മനസ്സ് ധനം എല്ലാം ഉപയോഗിക്കും. ഇത്രയും ലഹരിയുണ്ടാകണം. തരാമെങ്കിൽ തരൂ, ഇല്ലെങ്കിൽ വേണ്ട. നിങ്ങൾ നിങ്ങളുടേയും വളരെ അധികം പേരുടേയും മംഗളം ചെയ്യാൻ വരുന്നില്ലേ? ഇത്രയും സന്തോഷം ഉണ്ടാകണം. പ്രത്യേകിച്ച് കുമാരിമാർ കൂടുതൽ എഴുന്നേറ്റ് നിൽക്ക

ണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ആത്മീയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) തന്റെ പെരുമാറ്റരീതി വളരെ രാജകീയമായിരിക്കണം. വളരെ മര്യാദയോടെ സംസാരിക്കണം. വിനയ മാകുന്ന ഗുണം ധാരണ ചെയ്യണം.

2) ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ– ഇതെല്ലാം ശ്മശാനത്തിലേക്ക് പോകാനുള്ളതാണ് അതിനാൽ ഇതിനെ കണ്ടുകൊണ്ടും കാണരുത്. ഒരു ശിവബാബയെത്തന്നെ ഓർമ്മിക്കണം, ഒരു ദേഹധാ രിയേയുമല്ല.

## വരദാനം:– മാസ്റ്റർ ജ്ഞാനസാഗരനായി പാവക്കളി സമാപ്തമാക്കുന്ന സ്മൃതിയോടൊപ്പം സമർത്ഥസ്വരൂപരായി ഭവിക്കട്ടെ.

ഭക്തിമാർഗ്ഗത്തിൽ മൂർത്തികൾ ഉണ്ടാക്കി പൂജയെല്ലാം ചെയ്തശേഷം പിന്നീടതിനെ മുക്കിക്കളയാറുണ്ട്, അതിനാൽ നിങ്ങൾ അതിനെ പാവപൂജ എന്ന് വിളിക്കുന്നു. അതേപോലെ താങ്കളോടും ആരെങ്കിലും നിർജ്ജീവമായ, നിസ്സാരകാര്യങ്ങളിൽ ഈർഷ്യ, ഊഹം, ആവേശം എന്നിവ ചെയ്യുകയും അവ വിസ്തരിച്ച് ഇതാണ് സത്യം എന്ന് അനുഭവിക്കുകയും അനുഭവിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ ഇതും അതിനെ ജീവൻ വെപ്പിക്കലാണ്. പിന്നെ അതിനെ ജ്ഞാനസാഗരനായ ബാബയുടെ ഓർമ്മയിലൂടെ, കഴിഞ്ഞത് കഴിഞ്ഞു എന്ന് സങ്കൽപ്പിച്ച് സ്വ ഉന്നതിയുടെ ഓളങ്ങളിൽ മുക്കുകയും ചെയ്യുന്നുവെങ്കിലും ഇതിലും സമയം നഷ്ടപ്പെടുന്നുണ്ടല്ലോ. അതിനാൽ ആദ്യമേ തന്നെ മാസ്റ്റർ ജ്ഞാനസാഗരനായി സ്മൃതി ഒപ്പം ശക്തിശാലിയുമായി ഭവിക്കട്ടെ എന്ന വരദാനത്തിലൂടെ ഈ പാവക്കളിയെ സമാപ്തമാക്കൂ.

## സ്ലോഗൻ:– ആരാണോ സമയത്ത് സഹയോഗിയാകുന്നത് അവർക്ക് ഒന്നിന് കോടി മടങ്ങ് ഫലം ലഭിക്കുന്നു.

**അവ്യക്ത സൂചനകൾ: ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വായത്തമാക്കൂ.**
ഏതൊരു രാജനേതാവായാലും ധർമ്മനേതാവായാലും അവർക്ക് പവിത്രതയുടെയും ഏകതയുടെയും അനുഭവം ചെയ്യിപ്പിക്കൂ. ഇവയുടെ കുറവ് കാരണം രണ്ട് സത്തകളും ദുർബ്ബലമാണ്. ധർമ്മസത്തയെ ധർമ്മസത്താഹീനമാക്കാനുള്ള വിശേഷ രീതിയാണ്– പവിത്രതയെ തെളിയിക്കുക എന്നതും രാജസത്തക്കാരുടെ മുമ്പാകെ ഏകതയെ തെളിയിക്കുക എന്നതും.